## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2520** | **07.02.2019 -ൽ മറുപടിയ്ക്ക്**

### കല്ല്യാശ്ശേരി മണ്ഡലത്തിലെ മലനാട് - നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| | മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ നടന്നുവരുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | | മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി ഭരണാനുമതി നൽകിയ പഴയങ്ങാടി ബോട്ട് ടെർമിനലിന്റെ പൈൽ, പ്ലാറ്റ്ഫോം, പില്ലർ എന്നിവയുടെ കോൺക്രീറ്റ് പ്രവർത്തികൾ പൂർത്തീകരിച്ചു. മറ്റു നിർമ്മാണ പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്.<br><br>മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി കല്ല്യാശ്ശേരി മണ്ഡലത്തിലെ മംഗലശ്ശേരി, മുതുകട, കോട്ടക്കീൽ , താവം, ചെറുകുന്ന്, മുട്ടിൽ , മാടായി, വാടിക്കൽ, മാട്ടൂൽ നോർത്ത് പ്രദേശങ്ങളിൽ ഭരണാനുമതി നൽകിയ വിവിധ പദ്ധതികൾക്ക് ആവശ്യമായ സ്ഥല ലഭ്യത ഉറപ്പ് വരുത്തി, ആയത് ഉപയോഗപ്പെടുത്തുന്നതിനുള്ള നിയന്ത്രിതാനുമതി ടൂറിസം വകുപ്പിന്റെ പേരിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബോട്ട് ടെർമിനൽ/ജെട്ടികൾ എന്നിവയുടെ നിർമ്മാണ പ്രവർത്തികൾക്കായി ഇൻലാന്റ് നാവിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾക്കായുള്ള സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ